11-02-2022

FRIDAY

വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian          Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananhapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-11/02/2022

1. കാർഷിക സർവകലാശാലയുടെ പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ താൽകാലിക അടിസ്ഥാനത്തിൽ പ്രൊജക്ട് ഫെല്ലോയേയും പ്രൊജക്ട് അസിസ്റ്റന്റിനേയും നിയമിക്കുന്നു. പ്രൊജക്ട് ഫെല്ലോയ്ക്ക് എം. എസ്. സി സുവോളജിയും പ്രൊജക്ട് അസ്സിസ്റ്റന്റിന് അഗ്രിക്കൾച്ചറൽ ഡിപ്ലോമയുമാണ് അടിസ്ഥാന യോഗ്യത. അപേക്ഷ സമർപ്പിക്കേണ്ട വിലാസം **അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, റീജിയണൽ അഗ്രിക്കൾച്ചറൽ റിസർച്ച് സ്റ്റേഷൻ, കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി, മേലെ പട്ടാമ്പി, പാലക്കാട്- 679306.** അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 16 (16.02.2022) ആണ്. കൂടുതൽ വിവരങ്ങൾക്ക് www.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

2. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അലങ്കാര കോഴി ഒന്നിന് 85 രൂപ നിരക്കിലും, കടക്നാഥ് ഒന്നിന് 35 രൂപ നിരക്കിലും, നേക്കഡ് നെക്ക്, തലശ്ശേരി ഇനത്തിൽ പെട്ട കോഴികൾക്ക് ഒന്നിന് 22 രൂപ നിരക്കിലും ചൊവ്വ, വെള്ളി ദിവസങ്ങളിൽ ലഭ്യമാണ്. താൽപര്യമുള്ളവർ **0479-2452277** എന്ന ഫോൺ നമ്പരിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

3. വെള്ളായണി കാർഷിക കോളേജിലെ ബയോകൺട്രോൾ ലബോറട്ടറിയിൽ നിന്നും **മിത്രപ്രാണികളുടെ മുട്ടകാർഡ് അഥവാ ട്രൈക്കോ കാർഡുകൾ** ലഭ്യമാണ്. നെല്ലിന്റെ തണ്ടുതുരപ്പൻ പുഴു, ഓലചുരുട്ടിപ്പുഴു, പച്ചക്കറി വിളകളിലും മറ്റു വിളകളിലും കാണുന്ന പുഴുവർഗ്ഗ കീടങ്ങൾ എന്നിവയ്ക്കെതിരെ ട്രൈക്കോകാർഡുകൾ ഫലപ്രദമാണ്. ഒരു കാർഡിന് 50 രൂപയാണ് വില. ഒരു ഹെക്ടർ നെൽകൃഷിയ്ക്ക് ഒറ്റത്തവണ ഉപയോഗിക്കാൻ 250 രൂപയാണ് വില. കൂടുതൽ വിവരങ്ങൾക്ക് **9645136567, 9446378182** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. കേരള വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാലക്കു കീഴിൽ പൂക്കോട് പ്രവർത്തിച്ചു വരുന്ന കർഷകമിത്ര മെഡിക്കൽ സ്റ്റോറിൽ നിന്നും മൃഗചികിത്സക്കാവശ്യമായ എല്ലാവിധ മരുന്നുകളും, അനുബന്ധവസ്തുക്കളും മിതമായനിരക്കിൽ ലഭ്യമാണ്. പൂക്കോട് ആശുപത്രി പ്രവർത്തന സമയങ്ങളിൽ

മെഡിക്കൽ സ്റ്റോർ സേവനം ലഭ്യമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് **9447153448** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

**പരിശീലന പരിപാടികൾ**

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **"കാർഷിക യന്ത്രങ്ങളുടെ ഉപയോഗവും അറ്റകുറ്റ പണികളും"** എന്ന വിഷയത്തിൽ ഫെബ്രുവരി 25 മുതൽ മാർച്ച് 8 വരെ പതിനഞ്ച് ഗുണഭോക്താക്കൾക്ക് ഒരു പ്രവൃത്തി പരിചയ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 18 നും 50 നും ഇടയ്ക്ക് പ്രായമുള്ള, താൽപര്യമുള്ള പരിശീലനാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. താൽപര്യമുള്ളവർ **9400483754** എന്ന നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ 10 മണി മുതൽ 5 മണി വരെ വിളിച്ച് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

6. കൃഷി വിജ്ഞാന കേന്ദ്രം പെരുവണ്ണാമുഴിയിൽ വച്ച് ഈ മാസം 14-ന് (14/02/2022 ന്) **കന്നുകാലികളിലെ നാടൻ ചികിത്സ** എന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 14-ന് രാവിലെ 9 .30 ന് കെവികെയിൽ എത്തിച്ചേരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9446890889, 0496-2966041** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക

7. കേരള കാർഷിക സർവ്വകലാശാലയുടെ മണ്ണുത്തിയിലെ സെൻട്രൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ **സംയോജിത കൃഷി സമ്പ്രദായം** എന്ന വിഷയം അടിസ്ഥാനപ്പെടുത്തി **ഫെബ്രുവരി 18 മുതൽ 23** വരെ കർഷകർക്കും കാർഷിക സംരംഭകർക്കും പൊതുജനങ്ങൾക്കും സൗജന്യ ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നു. https://forms.gle/r8SbsSCZsp5d27656 എന്ന ലിങ്കിലൂടെ പരിശീലന പരിപാടിയിൽ **ഫെബ്രുവരി 13** വരെ രജിസ്റ്റർ ചെയ്യാവുന്നതാണ്.

8. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലനകേന്ദ്രത്തിൽ ഈ മാസം 14,15 തീയതികളിൽ **മുട്ടക്കോഴി വളർത്തലിലും,** 21,22 തീയതികളിൽ **ആട് വളർത്തലിലും** ഓൺലൈൻ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **0479 – 2457778** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. റബ്ബറിനെ ബാധിക്കുന്ന രോഗങ്ങളുടെയും കീടങ്ങളുടെയും നിയന്ത്രണമാർഗ്ഗങ്ങളെക്കുറിച്ച് റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഓൺലൈൻ പരിശീലനം നൽകുന്നു. ഫെബ്രുവരി 22-ന് രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയാണ് പരിശീലനം. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

10. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ **മാസം 14,15 തീയതികളിൽ പശുവളർത്തൽ, 17,18 തീയതികളിൽ പന്നിവളർത്തൽ, 22,23 തീയതികളിൽ മുയൽ വളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471–2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശങ്ങൾ**

11. പയറിൽ മൂഞ്ഞയുടെ ആക്രമണം കണ്ടാൽ 2 ശതമാനം വീര്യമുള്ള വേപ്പെണ്ണ എമൾഷൻ തളിക്കുക. അല്ലെങ്കിൽ **ലെക്കാനിസിലിയം ലെക്കാനി** എന്ന മിത്രകുമിൾ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ 10 ദിവസം ഇടവിട്ട് കൊടുക്കുക. രൂക്ഷമാണെങ്കിൽ 3 മി.ലി **ഇമിഡാക്ലോപ്രിഡ്** അല്ലെങ്കിൽ 2 ഗ്രാം **തയാമെതോക്സാം** 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം